# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1714 — 04/12/2018 ൽ മറുപടിക്ക്

## തെരുവുനായ്ക്കളുടെ ആക്രമണത്തിൽ പരിക്കേറ്റവർക്ക് നഷ്ടപരിഹാരം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ടി.എ.അഹമ്മദ് കബീർ**<br>**ശ്രീ.മഞ്ഞളാംകുഴി അലി**<br>**ശ്രീ.സി.മമ്മൂട്ടി**<br>**ശ്രീ.എൻ. ഷംസുദ്ദീൻ** | **എ.സി.മൊയ്തീൻ**<br>**(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)** |

| | | |
|---|---|---|
| എ) | തെരുവുനായ്ക്കളുടെ ആക്രമണത്തിൽ പരിക്കേറ്റവർക്ക് നഷ്ടപരിഹാരം നിശ്ചയിക്കാൻ സുപ്രീം കോടതി നിയോഗിച്ച ജസ്റ്റിസ് സിരിജഗൻ കമ്മിറ്റി ശിപാർശ ചെയ്ത നഷ്ടപരിഹാരം എല്ലാവർക്കും നൽകിയിട്ടുണ്ടോ; | എ) & ബി) സംസ്ഥാനത്ത് തെരുവുനായകളുടെ ആക്രമണത്തിന് വിധേയരാകുന്നവർക്ക് നഷ്ട-പരിഹാരം നൽകാനാണ് സുപ്രീംകോടതി നിയോഗിച്ച ജസ്റ്റിസ്(റിട്ട.)സിരിജഗൻ കമ്മിറ്റി പ്രധാനമായും ശിപാർശ ചെയ്തു വരുന്നത്. കമ്മറ്റി നാളിതുവരെ 17 റിപ്പോർട്ടുകൾ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. കമ്മറ്റിയുടെ 1 മുതൽ 16 വരെയുള്ള റിപ്പോർട്ടുകളിൽ ഉൾപ്പെട്ടിട്ടുള്ളവർക്ക് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നഷ്ടപരിഹാരം നൽകി കഴിഞ്ഞിട്ടുണ്ട്. 17-ാമത്തെ റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ളവർക്ക് നഷ്ടപരിഹാരം നൽകാൻ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| ബി) | പ്രസ്തുത കമ്മിറ്റിയുടെ പ്രധാന ശിപാർശകൾ എന്തെല്ലാമാണെന്നും ആയത് എത്രത്തോളം നടപ്പാക്കിയെന്നും വിശദീകരിക്കാമോ; | |

| | | |
|---|---|---|
| സി) | നഷ്ടപരിഹാരം നൽകുന്നതു സംബന്ധിച്ച് സുപ്രീം കോടതി എന്തെങ്കിലും നിർദ്ദേശം സർക്കാരിന് നൽകിയിട്ടുണ്ടോ; എങ്കിൽ ഈ നിർദ്ദേശങ്ങൾ സർക്കാർ പാലിച്ചിട്ടുണ്ടോ? | സി) ജസ്റ്റിസ്(റിട്ട.)സിരിജഗൻ കമ്മിറ്റി, തെരുവുനായകളുടെ ആക്രമണത്തിന് വിധേയരായവർക്ക് നിശ്ചയിക്കുന്ന നഷ്ടപരിഹാരം, അതേപടി നൽകാനാണ് ബഹു.സുപ്രീംകോടതി 16.7.2018 ൽ റിട്ട് പെറ്റീഷൻ നം.599/2015 (CCNo.944/2017)ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. ടി കോടതി ഉത്തരവ് പാലിച്ചുകൊണ്ട് ജസ്റ്റിസ്(റിട്ട.)സിരിജഗൻ കമ്മിറ്റിയുടെ 1 മുതൽ 16 വരെയുള്ള റിപ്പോർട്ടുകളിൽ ഉൾപ്പെട്ടിട്ടുള്ളവർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. കമ്മറ്റിയുടെ 17-ാം മത്തെ റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാവർക്കും നഷ്ടപരിഹാരം നൽകാൻ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിക്കൊണ്ട് സർക്കാർ 14.11.2018 ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നഷ്ടപരിഹാരം നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ